# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 208 — 18.06.2013ൽ മറുപടിക്ക്.

### വ്യവസായിക ഇടനാഴി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് വ്യാവസായിക ഇടനാഴി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | എ) ഉണ്ട്. 2011-ലെ കേന്ദ്ര സർക്കാരിന്റെ നാഷണൽ മാനുഫാക്ചറിങ് പോളിസി പ്രഖ്യാപിച്ചതിനെ തുടർന്ന് വ്യാവസായിക ഇടനാഴി പദ്ധതി, കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിങ് സോൺ പദ്ധതിയായി രൂപാന്തരപ്പെടുത്തി. |
| ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ; | ബി) യും സി) യും<br><br>ഈ പദ്ധതിയിലൂടെ നിർമ്മാണ, വാണിജ്യ മേഖല രൂപീകരിച്ച് അതുവഴി വ്യവസായ വികസനത്തിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, സാമ്പത്തിക സാമൂഹിക വികസനമുണ്ടാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.<br>ഈ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൊച്ചി-പാലക്കാട് നിംസ് പ്രോജക്ടിനായി 53,825 കോടി രൂപയാണ് മുതൽ മുടക്ക് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയ്ക്കായി ഏകദേശം 5200 ഹെക്ടർ ഭൂമി വേണ്ടി വരുമെന്ന് കണക്കാക്കുന്നു. അതിൽ 1700 ഹെക്ടർ ഭൂമി വിവിധ ഗവൺമെന്റ് ഏജൻസികളുടെ കൈവശമുണ്ട്. ബാക്കി വരുന്ന 3500 ഹെക്ടർ ഭൂമി പാലക്കാട്, തൃശ്ശൂർ, എറണാകുളം, മലപ്പുറം എന്നീ നാലു ജില്ലകളിലായി നിംസ് പദ്ധതിയ്ക്കായി ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഡി) പദ്ധതി നടപ്പാക്കുവാനായി വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി നാലു ജില്ലകളിലായി 2083.29 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇത് ഏറ്റെടുക്കുന്നതിനുള്ള അനുമതി സംബന്ധിച്ച കെ.എസ്.ഐ.ഡി.സി.യുടെ അപേക്ഷ സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ